# ദൈവത്തിന്റെ ദു:ഖം

## ഉൽപത്തി 6:6

**"താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു; അത് അവന്റെ ഹൃദയത്തിനു ദു:ഖമായി."**

സൃഷ്ടിപ്പിന്റെ ആറാം ദിവസം ദൈവത്തിന്റെ സ്വന്ത സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച് അനുഗ്രഹിച്ച് സകല സൃഷ്ടിയുടെയും മേൽ അധികാരിയായി വാഴിക്കുകയും തന്റെ സൃഷ്ടി വളരെ നല്ലത് എന്ന് ദൈവം പറയുകയും ചെയ്യുന്നതായി നാം ഉൽപത്തി പുസ്തകത്തിൽ കാണുന്നു. അതേ ദൈവം പിന്നീട് മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങിയപ്പോൾ അവരുടെ ദുഷ്ടത വലിയതെന്നും, ഹൃദയ വിചാരങ്ങൾ ദോഷമുള്ളതെന്നും കണ്ടിട്ട് ദു:ഖിക്കുന്നതായി നാം മേൽ വായിച്ച വാക്യത്തിലൂടെ മനസ്സിലാക്കുന്നു.

സൃഷ്ടിയുടെ മകുടമായി നിർമ്മിക്കപ്പെട്ട ആദ്യമനുഷ്യർ പാപം ചെയ്ത്, ദൈവതേജസ്സ് നഷ്ടപ്പെട്ടവരായി മാറുകയും പിന്നീട് അങ്ങോട്ടുണ്ടായ തലമുറകൾ മുന്നോട്ടുപോകും തോറും വഷളത്തം നിറഞ്ഞവരായി മാറുകയും ചെയ്തു. അപ്പോൾ തന്റെ സൃഷ്ടികളെ നശിപ്പിക്കുവാൻ ദൈവം തീരുമാനിക്കുമ്പോൾ നോഹ എന്ന ഒരു വ്യക്തിക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു; അതിലൂടെ അവന്റെ കുടുംബവും രക്ഷ പ്രാപിച്ചു. പ്രിയ ദൈവപൈതലേ ഇന്നു നാം ഈ ലോകത്തിലേക്ക് നോക്കിയാൽ പഴയനിയമകാലത്ത് മനുഷ്യൻ എങ്ങനെ ആയിരുന്നോ, അതിനേക്കാൾ കൂടുതലോ, അതിനു സമാനമായ അനുഭവങ്ങളോ തന്നെയാണ് ഇന്നും കാണുന്നത്. തനിക്കു സ്നേഹിക്കാനും, തന്നെ സ്നേഹിക്കാനും, കൂട്ടായ്മയിൽ ജീവിക്കാനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ വീണു പോയപ്പോൾ തന്റെ ഏകജാതനായ പുത്രനെ അയച്ച് ലോകത്തെ മുഴുവൻ വീണ്ടെടുക്കുന്നതായി നാം കാണുന്നു. ആ രക്ഷയെ വ്യക്തിപരമായി ഏറ്റെടുക്കുന്ന ഏവനേയും അവൻ മക്കളാക്കി തീർത്തു.

എന്നാൽ തന്റെ രക്തം മുഴുവൻ ഊറ്റിക്കൊടുത്ത് വിലക്ക് വാങ്ങപ്പെട്ട ഞാനും നിങ്ങളും, ഈ ദൈവത്തിന്റെ ഹൃദയത്തെ, പാപം ചെയ്ത് ഇന്നും വേദനിപ്പിക്കുന്നവരാണോ എന്ന് സ്വയം ശോധന ചെയ്യാം. എന്നെ ഈ ഭൂമിയിലേക്ക് അയച്ചതിനെ ഓർത്ത് എന്റെ സ്നേഹവാനായ ദൈവം വേദനിക്കാൻ ഇടവരരുത് എന്ന് നമുക്ക് തീരുമാനിക്കാം. ലോകം എങ്ങനെയും ആയിക്കോട്ടെ ഞാൻ ഒരു ദൈവപൈതലായി എന്റെ സ്വർഗ്ഗീയ പിതാവിനെ സ്നേഹിക്കുന്നു എങ്കിൽ, എനിക്ക് ഈ മ്ലേച്ഛതയിൽ നിന്ന് മാറി നിക്കാൻ കഴിയില്ലേ?

തീർച്ചയായും കഴിയും; കാരണം നാം അതിനായി ആഗ്രഹിക്കുന്നു എങ്കിൽ സഹായിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ കൂടെയുണ്ട്.

നോഹ പെട്ടകം പണിതപ്പോൾ എല്ലാവരും പരിഹസിച്ച് അവനെ ഒറ്റപ്പെടുത്തിയിരിക്കാം, പക്ഷെ അവൻ അവന്റെ പണി ദൈവനിർദ്ദേശപ്രകാരം തുടർന്നു കൊണ്ടേയിരുന്നു. ഒടുവിൽ അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. പ്രിയ ദൈവമക്കളേ നമുക്കും നോഹയെ പോലെ, നമ്മെ ഏൽപ്പിച്ച ജോലി ഈ ലോകത്തു ജീവിച്ചു കൊണ്ട്, എന്നാൽ ലോകത്തോട് അനുരൂപരാകാതെ തുടരാം. പാപപങ്കിലമായ ലോകത്തിൽ വേറിട്ട വ്യക്തികളായി വ്യത്യസ്തമായ കാഴ്ചപ്പാടോടെയും ദർശനങ്ങളോടെയും പിതാവിനെ സന്തോഷിപ്പിക്കുന്നവരായി മാറാം. ഒരിക്കലും ഞാൻ എന്റെ ദൈവത്തെ വേദനിപ്പിക്കില്ല എന്ന് തീരുമാനിക്കാം. കാരണം നാം ഓരോരുത്തരും യേശു ക്രിസ്തുവിന്റെ നിർദ്ദോഷവും നിഷ്കളങ്കവുമായ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. അതിന്റെ വില നാം മനസ്സിലാക്കാതെ പോയാൽ ഇനി നമുക്കായി മറ്റൊരു ബലിയും അവശേഷിക്കുന്നില്ല. നമ്മുടെ ദൈവം ധാരാളമായി ക്ഷമിക്കുന്നവനാണ്, എന്നാൽ അതേ സമയം പാപത്തെ വെറുക്കുന്നവനുമാണ്. അതിനാൽ നമുക്ക് അറിഞ്ഞും അറിയാതെയും ദൈവത്തെ വേദനിപ്പിച്ചതിന് ക്ഷമ യാചിക്കാം. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

**എബ്രായർ 3:10**

അതുകൊണ്ട് എനിക്ക് ആ തലമുറയോട് നീരസമുണ്ടായി; അവർ എപ്പോഴും തെറ്റിപ്പോകുന്ന ഹൃദയം ഉള്ളവർ എന്നും എന്റെ വഴികളെ അറിയാത്തവരെന്നും ഞാൻ പറഞ്ഞു.

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 095**